ഉത്തരം

(എ) 2014-15-ൽ തസ്തികനിർണ്ണയം 1:45 അനുപാതത്തിൽ നടത്തുവാൻ നിർദ്ദേശിച്ചിരുന്നു.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

സൗജന്യപാഠപുസ്തക വിതരണം

47 (5117) ശ്രീ. കെ. അച്ചുതൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ.) പ്രകാരം കുട്ടികൾക്ക് സൗജന്യപാഠപുസ്തക വിതരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) സൗജന്യപാഠപുസ്തക വിതരണത്തിനായി എസ്.എസ്.എ.യെ ചുമതലപ്പെടുത്തിയിട്ടില്ല. വിദ്യാലയങ്ങളിൽ എത്തിച്ചേർന്നിട്ടുള്ള പാഠപുസ്തകങ്ങളുടെ എണ്ണത്തിനനുസരിച്ച് തുക നൽകുകയാണ് എസ്.എസ്.എ. ചെയ്യുന്നത്.

(സി) പാഠപുസ്തകങ്ങളുടെ എണ്ണത്തിനനുസരിച്ച് എസ്.എസ്.എ. പണം നൽകുന്നു. ആവശ്യമായ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ടെക്സ്റ്റ് ബുക്ക് ആഫീസ്, എസ്.സി.ഇ.ആർ.ടി., കെ.ബി.പി.എസ്. എന്നീ സ്ഥാപനങ്ങളുടെ കൂട്ടായ പരിശ്രമത്തോടെയാണ്.

LIBRARY ARCHIVES Kerala Legislative Assembly